തൃശൂർ metrotcr@mm.co.in

മെട്രോ മനോരമ

2018 ജനുവരി 20 ശനി 1193 മകരം 06




# പൂക്കാലം വന്നു..



പുഷ്പോത്സവത്തിന്റെ ഭാഗമായി തേക്കിൻകാട്ടിലൊരുക്കിയ പൂക്കളുടെ ചിത്രമെടുക്കുന്ന പെൺകുട്ടി.

തൃശൂർ ● ആയിരം പൂക്കൾ വിരിഞ്ഞു നിൽക്കുമ്പോൾ ഏതു പൂക്കൾ കാണും. ഏതു പൂക്കളെ തൊടും. ഏതെല്ലാം പൂക്കൾ മണത്തു നോക്കും.

തേക്കിൻകാട് മൈതാനിയിൽ ഇന്നു തുടങ്ങുന്ന 40ാമതു പുഷ്പോത്സവത്തിൽ പതിനായിരത്തിലധികം ചെടികളാണ് പ്രദർശനത്തിലുള്ളത്.

രാജ്യാന്തര നിലവാരമുള്ള നൂറിലേറെ ഇനം ഓർക്കിഡുകൾ, ഇരുനൂറ് ഇനം ഔഷധസസ്യങ്ങൾ, റോസ്, ഡാലിയ, മെറിഗോൾഡ്, കലഞ്ചിയ, പുണെ വെറൈറ്റി ബോഗൻ വില്ലകൾ, പെറ്റൂണിയ, ആന്തൂറിയം തുടങ്ങി നൂറ്റൻപതോളം പൂച്ചെടികൾ, ബോൺസായ് തുടങ്ങിയവ പ്രദർശനത്തിൽ കാണാം.

മഞ്ഞയും ചുവപ്പും റോസാപ്പൂക്കൾ ഒരു ചില്ലയിൽ തന്നെ വിരിയുന്ന കരിഷ്മ റോസ് ബെംഗളുരിൽനിന്ന് എത്തിയിട്ടുണ്ട്. പുണെയിൽനിന്നു കറുത്ത റോസും വിരുന്നു വന്നിട്ടുണ്ട്.

പുണെയിൽനിന്നു തന്നെയുള്ള ബോഗൻ വില്ലകൾ മഞ്ഞയും റോസും പിങ്കും വെള്ളയും അടക്കം പല വർണങ്ങളിലുണ്ട്. പലതരം വിൻക റോസിയ, നാടൻ ജമന്തികൾ, മെലസ്റ്റോണിയ, ഇക്സോറ, ചെണ്ടുമല്ലി, ഡയാന്തസ്, സൊലേഷ്യ, ടൊറീനോ എന്നിവ പ്രദർശനത്തിലെ പുഷ്പവൈവിധ്യങ്ങളാണ്. കള്ളിച്ചെടികളും ഇലച്ചെടികളും തൂക്കിയിടാവുന്ന ചെടികളും കണ്ട് ആസ്വദിക്കാം. കേരള കാർഷിക സർവകലാശാലയുടെ 12 സ്റ്റാളുകളും കൃഷിവകുപ്പിന്റെ കാർഷിക സ്റ്റാളും ഒരുക്കിയിട്ടുണ്ട്.

തൃശൂർ കോർപറേഷൻ, ജില്ലാ പഞ്ചായത്ത്, കൊച്ചിൻ ദേവസ്വം ബോർഡ്, കൃഷിവകുപ്പ്, കാർഷിക സർവകലാശാല, വെറ്ററിനറി സർവകലാശാല എന്നിവയുടെ സഹകരണത്തോടെയാണു പുഷ്പോത്സവം സംഘടിപ്പിക്കുന്നത്. രാവിലെ ഒൻപതു മുതൽ രാത്രി ഒൻപതു വരെയാണു പ്രവേശനം. 40 രൂപയാണു പ്രവേശന ഫീസ്. പുഷ്പോത്സവം ഉദ്ഘാടനം ഇന്നു രാത്രി എട്ടിന് മന്ത്രി വി.എസ്. സുനിൽകുമാർ നിർവഹിക്കും.. 28നു സമാപിക്കും.

## പുഷ്പോത്സവത്തിൽ കലാപരിപാടികളും

ഇന്നു രാവിലെ ഒൻപതിനു ഫ്ലവർ ഡെക്കറേഷൻ മത്സരം നടക്കും. നാളെ വൈകിട്ട് ആറിന് മലയാളം കരോക്കെ ഗാനാലാപന മത്സരം. 22നു വൈകിട്ട് ആറിന് ശാസ്ത്രീയ നൃത്തം. 23നു വൈകിട്ട് ആറിന് സിനിമാറ്റിക് ഡാൻസ് എന്നിങ്ങനെ മത്സരങ്ങൾ നടക്കും.

27നു രാവിലെ പത്തിനു നടക്കുന്ന പുഷ്പരാജൻ, പുഷ്പറാണി മത്സരത്തിൽ ഏഴു മുതൽ പത്തു വരെ വയസുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പങ്കെടുക്കാമെന്നു പബ്ലിസിറ്റി കൺവീനർ പി.മുഹമ്മദ് ബാബു അറിയിച്ചു. വൈകിട്ട് അഞ്ചിന് മലയാളിമങ്ക മത്സരം നടക്കും. 15 മുതൽ 25 വരെ വയസുള്ള പെൺകുട്ടികൾക്കു പങ്കെടുക്കാം. കേരളീയ ശൈലിയിലുള്ള വസ്ത്രധാരണമാണു വേണ്ടത്. 28നു നടക്കുന്ന സമാപന ചടങ്ങിൽ സമ്മാനദാനം നടത്തും.